(എ) കണ്ണൂർ ജില്ലയിലെ സുൽത്താൻ തോട് ഉദ്ഘാടനം ചെയ്യപ്പെട്ട തിനാൽ നീലേശ്വരം, കോട്ടപ്പുറം മുതൽ പറശ്ശിനിക്കടവ് വരെ ബോട്ട് സർവ്വീസ് നടത്തുവാനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത റൂട്ടിൽ എത്ര ബോട്ടുജെട്ടികളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്; അവ എവിടെയെല്ലാമാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഇത് സംബന്ധിച്ച് വ്യക്തമായ തീരുമാനങ്ങൾ കൈക്കൊണ്ട തായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(2669) കാർഷികവിളകൾ നഷ്ടപ്പെട്ട സംഭവം

ശ്രീ. വി. ബാലറാം :
ശ്രീ. എം. മുരളി :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ ചില ഭാഗങ്ങളിൽ കെ.എസ്.കെ.ടി.യു.-ന്റെ നേതൃത്വത്തിൽ കാർഷികവിളകൾ നശി പ്പിക്കപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഈ സംഭവങ്ങളിൽ എന്തു തുകയുടെ കൃഷിനാശം സംഭവിച്ച തായി കണക്കാക്കപ്പെടുന്നു;

(സി) ഇപ്രകാരം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരി ഹാരം നൽകണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരി ക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിവകുപ്പ് നാശനഷ്ടം കണക്കാക്കിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഇത്തരത്തിലുള്ള കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതികളൊന്നും കൃഷിവകുപ്പിൽ നിലവിലില്ല.

(2677) നാളികേര വികസന കോർപ്പറേഷൻ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വികസന കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) നാളികേര വികസന കോർപ്പറേഷന്റെ കഴിഞ്ഞ 5 വർഷക്കാ ലത്തെ ലാഭനഷ്ടങ്ങൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ മൂന്ന് വർഷമായി പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനത്തിനായി സർക്കാർ ചെലവഴിച്ച തുക എത്ര;

(ഡി) നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇതിലേയ്ക്കായി കൂടുതൽ തുക അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ കുറച്ചു കാലമായി പ്രവർത്തനരഹിതമാണ്.

(ബി) കോർപ്പറേഷന്റെ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ ആഡിറ്റ് കഴിഞ്ഞിട്ടില്ല. എന്നാൽ പ്രവർത്തനമില്ലാത്തതിനാൽ നഷ്ടത്തിൽ തുടരുന്നു.

(സി) കഴിഞ്ഞ 3 വർഷമായി 9.05 കോടി രൂപ സർക്കാർ കോർപ്പറേഷന് നൽകി.

(ഡി) മുതൽമുടക്കിനേക്കാൾ അധികരിച്ച നഷ്ടം വരുത്തി കുറേക്കാലമായി പ്രവർത്തനരഹിതമായി കിടക്കുന്ന കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ പുനരുദ്ധരിക്കുന്നതു സംബന്ധിച്ച് പ്രസ്തുത സ്ഥാപനത്തിലെ സംഘടനാ പ്രതിനിധികൾ, മാനേജ്മെന്റ് എന്നിവരുമായി പല പ്രാവശ്യം സർക്കാർതലത്തിൽ ചർച്ച നടത്തി. ഇതുനുപുറമേ കോർപ്പറേഷനെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ പഠിച്ച് അതു പുനരുദ്ധരിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരഫെഡ് എം. ഡി. അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന കമ്പനിയിൽ വീണ്ടും കുറേക്കൂടി മുതൽമുടക്കി ഇതേ രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നത് ആശാസ്യമല്ലെന്ന് കമ്മിറ്റി കണ്ടെത്തുകയും കോർപ്പറേഷൻ പിരിച്ചുവിടുന്നതിന് സർക്കാരിനെ ഉപദേശിക്കുകയും ചെയ്തു. മേൽ നിർദ്ദേശം വിശദമായ പരിശോധനയ്ക്കും പഠനത്തിനും ശേഷം സർക്കാർ അംഗീകരിക്കുകയും കോർപ്പറേഷനിലെ ജീവനക്കാർക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം നൽകി കമ്പനി ലിക്വിഡേറ്റ് ചെയ്യുന്നതിന് നടപടിയെടുക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വോളന്ററി റിട്ടയർമെന്റ് സ്കീം നടപ്പിലാക്കുന്നതിന് 433 ലക്ഷം രൂപ കോർപ്പറേഷന് സർക്കാർ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-II

TENTH KERALA LEGISLATIVE ASSEMBLY

BILL NO. 197

THE KERALA FINANCE BILL, 1999

A

BILL

to give effect to the financial proposals of the Government of Kerala for the financial year 1999-2000.

Preamble.- WHEREAS it is expedient to give effect to the financial proposals of the Government of Kerala for the financial year 1999-2000.

BE it enacted in the Fiftieth Year of the Republic of India as follows: